**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6457** **10-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ.കെ.രമ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മഴക്കെടുതി നേരിട്ട പ്രദേശങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഉണ്ടായ മഴക്കെടുതിയിലും, ഉരുൾപ്പൊട്ടലിലും ബാധിതരായ ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി ആകെ 540 ക്യാമ്പുകൾ ആരംഭിച്ചിരുന്നു. നിലവിൽ 27 ക്യാമ്പുകളാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | ദുരിതാശ്വാസ ക്യാമ്പുകളിൽ മതിയായ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കാലവർഷ തുലാവർഷ മുന്നൊരുക്ക പ്രതികരണ മാർഗരേഖ 2021 (ഓറഞ്ച് ബുക്ക്) ൽ പ്രതിപാദിച്ചത് പ്രകാരം ക്യാമ്പുകളിലെ ആരോഗ്യ-ശുചിത്വ പരിപാലനം കൃത്യമായി പാലിച്ചുകൊണ്ടാണ് സംസ്ഥാനത്ത് ക്യാമ്പുകൾ സജ്ജമാക്കിയിട്ടുള്ളത്. കൂടാതെ കോവിഡ് 19 മാനദണ്ഡങ്ങൾ കർശനമായി പാലിക്കുകയും, ക്യാമ്പുകളിൽ സ്ത്രീകൾ, കുട്ടികൾ, ഗർഭിണികൾ, മുതിർന്ന പൗരൻമാർ എന്നിവർക്ക് പ്രത്യേകം ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നിന്നുള്ള ഡോക്ടർ, നേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സേവനം ക്യാമ്പുകളിൽ ഏർപ്പെടുത്തിയിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സാനിറ്ററി സൗകര്യങ്ങളും ശുചിത്വവും ഉറപ്പ് വരുത്തുക, സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുക തുടങ്ങിയ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ദുരിതാശ്വാസ ക്യാമ്പുകളിൽ എലിപ്പനി അടക്കമുള്ള രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പകർച്ച വ്യാധികൾ തടയുന്നതിന് പ്രസ്തുത പ്രദേശത്തെ ആരോഗ്യകേന്ദ്രം വഴി ആരോഗ്യ പ്രവർത്തകർ ദിവസേന ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പുകളിലുള്ള 32,096 പേർക്ക് എലിപനിക്കെതിരെ ഡോക്സി സൈക്ലിൻ ഗുളികൾ പ്രതിരോധ മരുന്നായി നൽകി. ക്യാമ്പുകളുടെ |

| | | | |
|---|---|---|---|
| | | | പരിസരത്ത് വെള്ളം കെട്ടി നൽക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ